## SECTION - I

കുറിപ്പ് ഃ സാഹിത്യത്തിലെ സർഗ്ഗാത്മകതയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. അവ ശ്രദ്ധാപൂർവം വായിച്ച് 1 - 5 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ഉത്തരവും മുപ്പതുവാക്കിൽ കവിയരുത്.

**(5x5=25 മാർക്ക്)**

സാഹിത്യ സിദ്ധാന്തപടുക്കൾക്ക് അരോചകമായ പദങ്ങളാണ് വിലക്ഷണതയും യതി ഭംഗവും. ലക്ഷണഗ്രന്ഥങ്ങൾ എഴുതി സാഹിത്യത്തിന് എന്നെന്നേക്കുമായി നിർവചനങ്ങളും ലക്ഷണങ്ങളും അസന്ദിഗ്ദ്ധമായി പറഞ്ഞുവച്ചു പുറം തിരിയുമ്പോഴേക്ക് ആ നിർവചനങ്ങൾ തകിടം മറിയുകയും ലക്ഷണങ്ങൾ ധിക്കരിക്കപ്പെടുകയും ചെയ്യുമ്പോൾ പാമരന്മാർ പോലും അമ്പരന്നു പോകും. സുരക്ഷിതത്വത്തിൽ വിശ്വസിക്കുന്ന പണ്ഡിതന്മാരുടെ കാര്യം പിന്നെ പറയാനുണ്ടോ ? അതുകൊണ്ടു നിർവചനങ്ങൾ കണ്ണുമടച്ചു സ്വീകരിക്കണം. ലക്ഷണങ്ങൾ വായ് മൂടിക്കെട്ടി അനുസരിക്കണം.

ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ചില കവികൾ ഈ സനാതന തത്ത്വങ്ങൾ ഉല്ലംഘിക്കാൻ ധൈര്യം കാണിച്ചിട്ടുണ്ട്. വേദാധികാരമില്ലാത്ത ചക്കാലക്കാരൻ വേദപ്രമാണങ്ങൾ അനാദ്യഭാഷയിൽ സുഗ്രഹമാക്കുന്നു. വേറൊരാൾ പുരാണങ്ങളെ നവീനോപാഖ്യാനങ്ങളാക്കി പാമരഭാഷയിൽ പാടിത്തള്ളുന്നു, കേൾവിക്കാരെ തുള്ളിക്കുന്നു. എന്തു ചെയ്യാം ? കലികാല വൈഭവം.

ഈ നിഷേധികളുടെ പരമ്പരയിൽപെട്ട കുമാരനാശാൻ ദുരവസ്ഥ എന്നൊരു സമകാലിക ചരിത്രകാവ്യം എഴുതി വിലക്ഷണമാണെന്നറിഞ്ഞിട്ടും പ്രസിദ്ധപ്പെടുത്തുന്നു. കവി വിലക്ഷണത ഏറ്റു പറഞ്ഞത് ചിലർ അക്ഷരാർത്ഥത്തിൽ എടുത്തു. ലക്ഷണം മാറ്റി എഴുതുക എന്നത് സർഗ്ഗശക്തിയുള്ള എഴുത്തുകാരന്റെ കടമയാണ്. അനിവാര്യ കർത്തവ്യമാണ്. ലക്ഷണാനുസൃതം മാത്രം എഴുതുന്നവർ ഗതാനുഗതികരാണ്. സിദ്ധാന്തങ്ങൾ, ലക്ഷണങ്ങൾ, നിർവചനങ്ങൾ മാറിക്കൊണ്ടിരിക്കും. അഥവാ എഴുത്തുകാർ അവ മാറ്റിക്കൊണ്ടിരിക്കും. അങ്ങനെയൊരു ചുവടുമാറ്റമാണ് ദുരവസ്ഥയിൽ കാണുന്നത്. വിലക്ഷണത ഇവിടെ പുതിയ സാഹിത്യസിദ്ധാന്തമായിത്തീരുന്നു. ലക്ഷണം മാറ്റി എഴുതാനുള്ള പ്രേരണയും പ്രചോദനവും ആയിത്തീരുന്നു അത്. ആശാന്റെ വിലക്ഷണത പോലെ വിലപ്പെട്ട ഒരു കാവ്യസിദ്ധാന്തമാണ് ഇടപ്പള്ളിയുടെ യതി ഭംഗവും. 'മധുരസംഗീതം പരിപൂർണ്ണമാവാൻ' എന്താണു വേണ്ടത് എന്ന ചിന്ത 'യതിഭംഗം വന്നേ മതിയാവൂ' എന്ന തീരുമാനത്തിൽ എത്തിച്ചേരുന്നു. ഭാഷയിലെ ഇടപ്പള്ളി പ്രസ്ഥാനത്തിന്റെ സൂചകമാണ് യതിഭംഗം. മുൻകൂറായി നിർണ്ണയിക്കപ്പെട്ട വിലക്കുകളെ കവിതകൊണ്ടും അഥവാ മരണം കൊണ്ടും ലംഘിച്ച ആളാണ് ഇടപ്പള്ളി.

നിഷേധത്തിന്റെ വിധിയാണ് കലയിലെ സർഗ്ഗാത്മകത. അനുസരണ അനുകരണമാവാം. ആവർത്തനവും, വിലക്ഷണതകൊണ്ടും; യതിഭംഗം കൊണ്ടും ഉണ്ടാകുന്നതാണ് സർഗ്ഗാത്മകത. ഗാന്ധിജിയുടെ നിയമലംഘനം പോലെ ചൈതന്യദായകമായ സൃഷ്ടിയുടെ വഴിയാണത്.

20. ജനപ്രിയ സാഹിത്യത്തെക്കുറിച്ച് സമകാലിക സാഹിത്യ സിദ്ധാന്തത്തിൽ വന്ന സങ്കല്പന വ്യതിയാനം എന്ത് ?

## SECTION - III

ഒരു ഐച്ഛിക വിഷയം (ഭാഷാശാസ്ത്രവും വ്യാകരണവും/സാഹിത്യസിദ്ധാന്തങ്ങൾ/ കേരള സംസ്കാരം) തിരഞ്ഞെടുത്ത് അതിൽനിന്നു മാത്രം 21 -25 വരെയുള്ള ചോദ്യങ്ങൾക്കു ഉത്തരം എഴുതുക. ഓരോ ഉത്തരവും ഇരുന്നൂറു വാക്കിൽ കവിയരുത്. ഓരോ ഉത്തരത്തിനും പന്ത്രണ്ടു മാർക്കു വീതം.

**(12x5=60 മാർക്ക്)**

### ഐച്ഛികം - ഒന്ന്
### ഭാഷാശാസ്ത്രവും വ്യാകരണവും

21. മലയാളത്തിലെ വർഗ്ഗാക്ഷരങ്ങളെ ധ്വനിമൂല്യമനുസരിച്ചു വർഗ്ഗീകരിക്കുക

22. ഭാഷാശാസ്ത്രവും സാമ്പ്രദായിക വ്യാകരണവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക

23. അനുപ്രയോഗം എന്ത് ? എത്ര വിധം ?

24. പ്രാചീനമലയാളത്തിലെ 'ന്റ' രൂപത്തെപ്പറ്റി വിവരണം എഴുതുക.

25. വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം പരിശോധിക്കുക.

## ഐച്ഛികം - രണ്ട്
## സാഹിത്യ സിദ്ധാന്തങ്ങൾ

21. അഭിവ്യക്തിവാദം രസാനുഭവം വിശദീകരിക്കുന്നത് എങ്ങനെ ?

22. ഭാരതീയരുടെ പ്രതിഭാസങ്കല്പവും പാശ്ചാത്യരുടെ ഇമാജിനേഷനും തമ്മിലുള്ള സാദൃശ്യം എന്ത് ?

23. കഥാർസിസിന് ഐ 'എ' റിച്ചാർഡ്സ് നൽകുന്ന വിശദീകരണം എന്ത് ?

24. മനശ്ശാസ്ത്ര നിരൂപണത്തിലെ നവീന പ്രവണതകൾ എന്തെല്ലാം ?

25. ആധുനികതയും ഉത്തരാധുനികതയും തമ്മിലുള്ള വ്യത്യാസം ആശയാവലികൾ മുൻനിറുത്തി ചർച്ച ചെയ്യുക

## ഐച്ഛികം - മൂന്ന്
## കേരള സംസ്ക്കാരം

21. കേരള ചരിത്രപഠനത്തിന് സംഘം കൃതികൾ എങ്ങനെ ഉപദാനങ്ങളാകുന്നു ?

22. കേരളത്തിലെ ബുദ്ധമതാവശിഷ്ടങ്ങൾ ഏവ ?

23. കേരളത്തിലെ ചുവർ ചിത്രകലയുടെ പ്രധാനപ്പെട്ട മാതൃകകൾ ഏവ ?

24. കേരളത്തിൻെറ മരുമക്കത്തായ പാരമ്പര്യത്തെക്കുറിച്ചുള്ള വീക്ഷണഭേദങ്ങൾ പരിശോധിക്കുക

25. സമകാലിക കേരളത്തിലെ ജനപ്രിയ സംഗീത (Popular Music) ത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

